9042
2/5/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർമാരായ സർവ്വശ്രീ.വി.സജികുമാർ, സാജു വർഗ്ഗീസ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം./179/2018/വനം** തീയതി, തിരുവനന്തപുരം, 18/04/2018

പരാമർശം:- (1) 06.12.2013 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ9(കൃവി 31/12/പികെഡി) 3592/12 നമ്പർ കത്ത്

(2) 25.06.2015 ലെ വിജിലൻസ് വകുപ്പിന്റെ 258/ഇ4/2014/വിജി നമ്പർ കത്ത്

(3) 17.05.2016 ലെ 8436/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(4) 26.07.2016 തീയതിയായി ശ്രീ.വി.സജികുമാർ വൈൽഡ് ലൈഫ് വാർഡൻ, 30.08.2016 തീയതിയായി ശ്രീ. സാജു വർഗ്ഗീസ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രികകൾ

(5) 01.08.2016, 13.11.17 തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-36392/15 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ചൂലന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ക്വിക്ക് വെരിഫിക്കേഷൻ നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. ടി റിപ്പോർട്ടിലെ ശുപാർശ പ്രകാരം സർവ്വശ്രീ.സാജു വർഗ്ഗീസ്, വി. സജികുമാർ എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം പരാമർശം (3) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്:

(i) They neither supervise nor properly monitor the construction work of Nature awareness Camp shed at Choolannur Peafowl Sanctuary which collapsed after 3 years of its construction.

(ii) Their lack of supervision caused a Government loss to the tune of Rs.1,16,107/-

(iii) They miserably failed in doing their duties which amounts to dereliction of duty.

3) കുറ്റപത്രത്തിന് ടിയാന്മാർ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. ടി ജോലി ടെണ്ടർ ക്ഷണിച്ച് പൊതുമരാമത്ത് വകുപ്പ് അംഗീകൃത കരാറുകാരനാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും ടി കരാറുകാരനിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിനും മേൽനോട്ടത്തിലെ വീഴ്ചയ്ക്ക് ഉദ്യോഗസ്ഥർക്ക് തക്കതായ ശിക്ഷ നൽകുവാനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5)ലെ 1.8.16 ലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. പ്രതിവാദ പത്രിക അംഗീകരിക്കാവുന്നതാണെന്നും, ടി വിഷയത്തിലെ സർക്കാർ നഷ്ടമായ 1,16,107/- രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കാവുന്നതാണെന്നുമുള്ള പാലക്കാട് ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടറുടെ അഭിപ്രായം പരാമർശം (5) ലെ 13.11.17 ലെ കത്ത്പ്രകാരം അഡീഷണൽ പ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയിട്ടുണ്ട്.

4) ഈ കേസിൽ സർക്കാർ നഷ്ടം സംഭവിച്ചിട്ടുള്ളതിനാലും ടി ഉദ്യോഗസ്ഥർ ക്ക് 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിട്ടുള്ളതിനാലും അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർമാരായ സർവ്വശ്രീ. വി. സജികുമാർ, സജു വർഗ്ഗീസ് എന്നിവരുടെ നിരപരാധിത്വം തെളിയിക്കുന്നതിനും ടി കേസിൽ സർക്കാർ നഷ്ടം ഈടാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിനും വേണ്ടി ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിനും അന്വേഷണാധികാരിയായി പറമ്പിക്കുളം വൈൽഡ് ലൈഫ് വാർഡനായ ശ്രീ. പി.വി. മധുസൂധനൻ, ഐ.എഫ്.എസിനെയും, പ്രസന്റിംഗ് ഓഫീസറായി പറമ്പിക്കുളം അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായ ശ്രീ.വി. രാജനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

6) അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് കർശനമായും മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.വി.സജികുമാർ, വൈൽഡ് ലൈഫ് വാർഡൻ

ശ്രീ.സജു വർഗ്ഗീസ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. പി.വി. മധുസൂധനൻ, ഐ.എഫ്.എസ്,

പറമ്പിക്കുളം വൈൽഡ് ലൈഫ് വാർഡൻ

ശ്രീ.വി. രാജൻ, പറമ്പിക്കുളം അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ